"ഭരണഭാഷ മാതൃഭാഷ"

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഷിബു എ. ഐഎഎസ്)

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പൊതു സ്ഥലം മാറ്റം 2026-27 ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ: DCETVM/4078/2026-A2 **തീയതി: 19-08-2026**

പരാമർശം: 1.17.08.2026 തീയതിയിലെ DCETVM/4078/2026-A2 നമ്പർ നടപടിക്രമം
2.13.01.2026 ലെ സ.ഉ(സാധാ)നം.52/2026/ഉവിവ നമ്പർ ഉത്തരവ്

ഉത്തരവ്

സർക്കാർ കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകരുടെ 2026-27 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള അന്തിമ പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പരാമർശം 2 പ്രകാരം എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ 2 അധിക തസ്തികകൾ കണ്ടെത്തിയതിനെ തുടർന്ന് 8 അനുവദിക്കപ്പെട്ട തസ്തികകളിൽനിന്നും 6 തസ്തികകൾ ആയി പുനർ ക്രമീകരിച്ചിരുന്നു. നിലവിൽ അനുവദനീയമായ 6 തസ്തികകളിൽ 5 അധ്യാപകർ മാത്രമാണ് സേവനത്തിലുള്ളത്. മേൽ സാഹചര്യത്തിൽ അന്തിമ സ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെട്ട ക്രമ നമ്പർ 8 ശ്രീമതി ബിസ്മി ജി. നാഥിനെയും ക്രമ നമ്പർ 10 ശ്രീമതി മായ എസ്. എസിനെയും നിർബന്ധിതമായി സ്ഥലംമാറ്റിയ നടപടി റദ്ദ് ചെയ്തും,എറണാകുളം മഹാരാജാസ് കോളേജിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ശ്രീ. അജിത് ശശിയ്ക്ക് (അസി . പ്രൊഫ . , ഗവൺമെന്റ് കോളേജ്, മൂന്നാർ) സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

മേൽപരാമർശിച്ച ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നില നിൽക്കുന്നതാണ്.

Digitally signed by
Shibu A
Date: 19-08-2026
21:28:14

Shibu A IAS
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ കേരള തിരുവനന്തപുരം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ